(*b*) the names of the members of this Committee; and

(*c*) will the Government be pleased to invite tenders for the supply of medicines as was done in Cochin before the integration?

Sri. A. J. John:

(*a*) Yes.

(*b*) The Store Purchase Committee consists of the Chief Secretary to Government, the Finance Secretary and the Head of the Department concerned.

(*c*) The matter will be considered.

ശ്രീ. അലക്സാണ്ടർ വാകയിൽ: ടെണ്ടർ കൊടുക്കാതെ തിരുവിതാംകൂറിൽ ഏതെങ്കിലും കമ്പനിയിൽനിന്നും മരുന്നു വാങ്ങിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: വളരെ അത്യാവശ്യമായ മരുന്നുകൾ വാങ്ങിയെന്നുവരും. അതു സർജ്ജൻജനറലിന്റെ അഭിപ്രായം അനുസരിച്ചു ചെയ്യുകയാണ് പതിവു്.

Sri. A. Nesamony: Are these drugs purchased from local manufacturers?

Sri. A. J. John: Generally not.

Sri. A. Nesamony: Has the Government any contract with any local manufacturer?

Sri. A. J. John: I do not know.

പരിശീലനം നടത്തുന്ന മിഡൈഫുകൾ

* ൭൫൭. (നമ്പർ) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഐക്യസംസ്ഥാനത്തുനിന്നും മിഡൈഫറി പരിശീലനം നടത്തുന്ന എത്ര പേരുണ്ടു;

(ബി) കുന്നത്തുനാടു താലൂക്കു് തൃക്കാക്കര പകുതിയിൽ ഒരു മിഡൈഫിനെ നിയമിക്കണമെന്നുകാണിച്ചു് വല്ല അപേക്ഷകളും കിട്ടിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതേപ്പറ്റി എന്തു നടപടി നടത്തി?

ശ്രീ. എ. ജെ. ജാൺ:

(എ) ൧൦൦ പേരുണ്ടു്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എ. വി. ജോസഫ്: തൃക്കാക്കര പകുതിയിൽ പരീക്ഷ പാസ്സായ ഒരു മിഡൈഫിനെ നിയമിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. എ. ജെ. ജാൺ: അതേപ്പറ്റി ആലോചിക്കാം.

ശ്രീ. പാമ്പ തളിയത്തു്: ഇപ്പോൾ ട്രെയിനിംഗു നടത്തുന്നവരുടെ കോഴ്സു് എപ്പോൾ തീരും?

ശ്രീ. എ. ജെ. ജാൺ: മൂന്നുനാലു മാസത്തിനകം തീരും.

ശ്രീ. സി. സി. പ്രസാദു്: മിഡൈഫറി ട്രെയിനിംഗു പരീക്ഷ ഇവർ പാസ്സാകാതിരിക്കാൻ വല്ല കാരണവുമുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അവർക്കു ട്രെയിനിംഗു കൊടുത്തുകൊണ്ടിരിക്കുന്നു എന്നാണു് ഇവിടെ പറഞ്ഞതു്.

ശ്രീ. സി. സി. പ്രസാദു്: ഈ പരീക്ഷ പാസ്സായവർ കൊച്ചിയിലുണ്ടു്. അവരെ ഇവിടെ നിയമിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. എ. ജെ. ജാൺ: അതേപ്പറ്റി ആലോചിക്കാവുന്നതാണു്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: തൃക്കാക്കര പകുതിയിൽ ഒരു മിഡൈഫിന്റെ ആവശ്യം അപരിഹാര്യമാണെന്ന ഗവൺമെണ്ടിനറിയാമോ?

ശ്രീ. എ. ജെ. ജാൺ: അതിനന്തരം പറഞ്ഞുകഴിഞ്ഞു. ഗവൺമെണ്ടു് അതേപ്പറ്റി ആലോചിക്കുന്നതാണു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: മാവേലിക്കര ഒരു മിഡൈഫറി ട്രെയിനിംഗു് സെൻറർ ഉണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : അവിടെ പഠിച്ചുകൊണ്ടിരുന്നവരിൽ ആരെങ്കിലും ആസിഡ് കുടിച്ചു മരിച്ചതായി ഗവണ്മെണ്ടു് അറിഞ്ഞിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : ഇല്ല.

അലുവാ ആശുപത്രി

* ൭൫൫. (൩൪) ശ്രീ. എ. വി. ജോസഫ് : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ബഹുമാനപ്പെട്ട ആരോഗ്യമന്ത്രി ഈയിടെ അലുവാ ആശുപത്രി സന്ദർശിക്കുകയുണ്ടായോ ;

(ബി) ആ സന്ദർശനത്തിൽനിന്നും അലുവാ ആശുപത്രി വളരെ പരിതാപകരമായ നിലയിലാണു് സ്ഥിതിചെയ്യുന്നതെന്നു മനസ്സിലായിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതു നന്നാക്കിപ്പണിയുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. എ. ജെ. ജാൺ :

(എ) മന്ത്രി സന്ദർശിച്ചു.

(ബി) ആശുപത്രിയിലുള്ള ഒരു കെട്ടിടം ഏറ്റവും പരിതാപകരമായ നിലയിലാണു് സ്ഥിതിചെയ്യുന്നതെന്നു മനസ്സിലാക്കിയിട്ടുണ്ടു്.

(സി) അതു നന്നാക്കുന്നതിനുദ്ദേശിച്ചിട്ടുണ്ടു്.

ശ്രീ. എ. വി. ജോസഫ് : അതെന്നത്തേക്കു പണിയണമെന്നാണു് ഉദ്ദേശിക്കുന്നതു് ?

ശ്രീ. എ. ജെ. ജാൺ : എത്രയും വേഗത്തിൽ.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : അതിന്റെ എസ്റ്റിമേറ്റു് ആവശ്യപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : അതുസംബന്ധിച്ചു് ആവശ്യമുള്ള നടപടികളെടുക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടു്.

ശ്രീ. എ. വി. ജോസഫ് : അവിടെനിന്നും ഇതുസംബന്ധിച്ചു വല്ല ധനസഹായവും ആവശ്യപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : പലരും തരാമെന്നു പറഞ്ഞിട്ടുണ്ടു്. ആരും ഇതേവരെ തന്നിട്ടില്ല.

NEW TAXATION

*759. [36] **Sri. M. I. Paul :** Will the Hon'ble Minister for Finance be pleased to state whether the Government intend to enforce any new taxation to improve the State's revenue; if so, how ?

Sri. A. J. John : The basic tax in Travancore area is raised from 4 cash to 3 pies; the licence fee for foreign liquor is raised by 100 per cent.

ശ്രീ. എം. ഐ. പാറം : ഇതുകൂടാതെ വല്ല പുതിയ നികുതിയും ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : ഇല്ല.

CAPITAL ISSUES

*760. [37] **Sri. Paul Thaliath :** Will the Hon'ble Minister for Finance be pleased to state :

(*a*) whether the Government have any intention to remove partly or completely the control over capital issues;

(*b*) whether the Government is aware that this control was introduced as a war measure;

(*c*) whether the Government is aware that the rules followed in respect of this matter in Cochin Division, Travancore Division and in the Indian Union are different; and

(*d*) if so, whether the Government will co-ordinate the rules in this State at least?

Sri. N. Kunjuraman :

(*a*) "Capital Issues" is a Central subject. Now, the issue of capital is to be governed by the Central Act.

LIBRARY ARCHIVES Kerala Legislative Assembly